
mārggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org


# Dukrana, June-1985
# ദുക്റാനാ




www.TheCMSIndia.org

| | |
|---|---|
| Call Number | RR-1370/WM |
| Title | Dukrana Aaradhana. JuneMonthly<br>ദുക്റാനാ |
| Topic | A Journal on Liturgy<br>Sponsered by the Eastern Liturgical society |
| Author | Unknown. |
| Publisher/Year | Fr. George Kolath /1985 |
| Board of Editors | Dr. Jacob Vellian<br>S. Kurian Vempany |
| Edition | 6 |
| Managing Editor | Dr. Xavier Koodapuzha |
| News Editor | Dr. Wilson Ukken |
| Book | 5 |
| Printed at | Kottayam |
| Total Pages | 51 |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Ann Lia Wilson |
| Key Words | #Dukrana #AJournalonLiturgy # EasternLiturgicalsociety # FrGeorgeKolath # DrJacobVellian #S.KurianVempany # Dr.XavierKoodapuzha # DrWilsonUkken #Kottayam #Placidachan |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org




www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

പുസ്തകം 5 1985 ജൂൺ ലക്കം 6

# ദുക്റാന

*All correspondence to The Circulation Manager,*
*Dukrana, Vidyanagar, Manganam P. O.*
*Kottayam – 686 018. Annual Subscription Rs. 12.*

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# ഈ ലക്കത്തിൽ


വ്യക്തിത്വമുള്ള സഭകളുടെ വക്താവ് 9

മാർ ജോസഫ് പവ്വത്തിൽ

സംസ്കാരത്തിൽ ഹൈന്ദവം, മതത്തിൽ ക്രൈസ്തവം, ആരാധനയിൽ പൗരസ്ത്യഭാരതീയം 13

'അങ്ങേ പരിശുദ്ധാത്മാവിനെ എടുത്തുകളയരുതേ' 18

ഡോ. മാത്യു വെള്ളാനിക്കൽ

ചിന്താതരംഗം 22

ഫാ. കുര്യൻ മറ്റം

നമ്മുടെ റീത്ത് 24

ജയിംസ് സി.

പ്ലാസിഡച്ചന്റെ ജീവിതത്തിലെ നാഴികക്കല്ലുകൾ 29

പ്ലാസിഡച്ചന്റെ കൃതികൾ 31

വാർത്താലോകം 36

കലണ്ടർ



*Chief Editor*
*Dr. Jacob Vellian*

*Managing Editor*
*Dr. Xavier Koodapuzha*

*Executive Editor*
*S. Kurian Vempany*

*ASSOCIATE EDITORS*

*Dr. T. Mannooramparampil*
*Dr. Wilson*
*Dr. M. Vellanickal*
*Dr. J. Koikakudy*
*Dr. G. Vavanikunnel*
*Dr. J. Chavely*
*J. Vadakkel*
*G. Moolayil*
*J. Thottupuram*
*James K. Zacharia*
*Jose Kallukalam*
*Joseph Kunnathupurayidam*


**മുഖചിത്രം**

അവിടുന്നു താഴ്വരകളിലേയ്ക്കു ഉറവകളെ ഒഴുക്കുന്നു.

.............................................................

എല്ലാ വന്യമൃഗങ്ങളും അതിൽനിന്നും കുടിക്കുന്നു.

(സങ്കീർത്തനം. 104 : 10)

*സകലതും ദൈവത്തിന്റെ സോദ്ദേശസൃഷ്ടികൾ, മലകളും താഴ്വരകളും കാനനങ്ങളും കാട്ടരുവികളുമെല്ലാം. സർവ്വവും അവിടുത്തെ സൃഷ്ടികൾക്കായി സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നു.*


www.marggam.com
MARGGAM – Digital Library of Christianity in India

# വ്യക്തിത്വമുള്ള സഭകളുടെ വക്താവ്

[ബ. പ്ലാസിഡച്ചന്റെ അന്തിമയാത്രാശുശ്രൂഷവേളയിൽ അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ നടത്തിയ ചരമപ്രസംഗത്തിൽനിന്ന്]

അഭിവന്ദ്യ പിതാക്കന്മാരേ, മിശിഹായിൽ പ്രിയപ്പെട്ട സഹോദരരേ,

മനുഷ്യനെ സൃഷ്ടിക്കുകയും അവനെ മരണവിധേയനാക്കുകയും മരണശേഷം അവനെ ഉയിർപ്പിക്കുകയും ചെയ്യുന്ന ജീവന്റെയും മരണത്തിന്റെയും നാഥനായ ദൈവത്തിന്റെ പരിപാലനയിൽ ബ. പ്ലാസിഡച്ചൻ നമ്മോടിന്ന് യാത്ര പറയുകയാണ്. ഒരു നൂററാണ്ടിൽ ഒരിക്കൽ മാത്രം, അല്ലെങ്കിൽ ഒരു സഹസ്രാബ്ദത്തിൽ ഒരിക്കൽമാത്രം കാണാറുള്ള അസാധാരണ വ്യക്തികളിൽ ഒരുവനായിരുന്നു അദ്ദേഹം. എന്റെ വാക്കുകൾ ബലഹീനമാണെങ്കിലും ഇതുപോലൊരു സഭാ പുരുഷന്റെ യാത്രാവേളയിൽ ഏതാനും നിമിഷം അദ്ദേഹത്തിന്റെ ജീവിതം നമുക്ക് നൽകുന്ന സന്ദേശത്തെക്കുറിച്ച് ചിന്തിക്കുക തീർച്ചയായിട്ടും സമുചിതമാണ്.

അദ്ദേഹത്തിന്റെ വ്യക്തിപരമായ ജീവിതത്തെക്കുറിച്ച് ഈ വേദിയിൽ നിന്ന് ഏറെ പറയുക ഭംഗിയല്ല.

ഒരു ബഹുമുഖ പ്രതിഭയായിരുന്ന അദ്ദേഹം അസാധാരണമായ പാണ്ഡിത്യത്തിന്റെയും ഓർമ്മശക്തിയുടെയും വിജ്ഞാനത്തിന്റെയും കഠിനാധ്വാനത്തിന്റെയും വിശുദ്ധിയുടെയും വിളനിലമായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യസമ്പത്ത് രാജ്യാന്തരങ്ങളോളം വ്യാപിച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിലും, വ്യക്തിത്വത്തിലും അകവും പുറവും തമ്മിൽ വ്യത്യാസമില്ലായിരുന്നു. വിശ്വസിച്ച കാര്യങ്ങൾ ജീവിക്കുകയും, ജീവിച്ച കാര്യങ്ങൾ പ്രാർത്ഥനയിലൂടെ ദൈവത്തിന് സമർപ്പിക്കുകയും ചെയ്തുകൊണ്ട് തന്റെ ജീവിതത്തിൽ ഒരു ഏകാഗ്രത, അല്ലെങ്കിൽ ഒരു ഏകതാനത പുലർത്തിയിരുന്ന ഒരു വ്യക്തിയായിരുന്നതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ജീവിതം അനേക ശിഷ്യഗണ

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# സംസ്ക്കാരത്തിൽ ഹൈന്ദവം, മതത്തിൽ ക്രൈസ്തവം, ആരാധനയിൽ പൗരസ്ത്യ ഭാരതീയം

*കാലദേശങ്ങൾക്കനുസൃതമായ അനുരൂപണത്തിന്റെ ആദ്യപടി നാം കാണുന്നത് ദൈവത്തിന്റെ മനുഷ്യാവതാരത്തിലാണ്. അതേ ന്യായം കൊണ്ട് സഭയും കാലദേശങ്ങൾക്കനുസൃതമായി അനുരൂപപ്പെടേണ്ടതുണ്ട്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഈ അനുരൂപണത്തെക്കുറിച്ചാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്.*

## സംസ്ക്കാരം

സാമൂഹ്യപദവിയിൽ ബ്രാഹ്മണർ കഴിഞ്ഞാൽ അടുത്ത സ്ഥാനമാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾക്കുള്ളതു്. അവർക്കും ബ്രാഹ്മണർക്കും മാത്രം പൊതുവായ പല ആചാരങ്ങളുമുണ്ടായിരുന്നു. നവജാതശിശുവിനു് പൊന്നും, തേനും ഉരച്ചുകൊടുക്കുന്നതും, കീരിപ്പല്ലും, പുലിനഖവും ആഭരണത്തിലണിയുന്നതും, അരിയിൽ എഴുത്തിനിരുത്തുന്നതും തുടങ്ങി മന്ത്രകോടിയും, പുലകുളിയുമെല്ലാം ബ്രാഹ്മണാചാരങ്ങളത്രെ. വസ്ത്രധാരണം, സാമൂഹിക അവകാശങ്ങൾ എന്നിവയിലും അവർ ബ്രാഹ്മണർക്കു തുല്യരായിരുന്നു; രാജ്യസേവനത്തിലും ആയോധനകലയിലും നിപുണരായിരുന്നു. ആദ്യത്തെ മാർത്തോമ്മാ ക്രിസ്ത്യാനികളെല്ലാം ഉയർന്ന ജാതിയിൽനിന്നുള്ളവരായിരുന്നു. അവർ തങ്ങളുടെ സാമൂഹ്യ – രാഷ്ട്രീയ വ്യവസ്ഥിതികളും സാംസ്കാരികാചാരങ്ങളും പുലർത്തിപ്പോന്നിരുന്നു.

## മതവിശ്വാസം

തങ്ങളുടെ പൂർവ്വപിതാക്കന്മാരെ ക്രിസ്തുമതത്തിലേക്കു് മാനസാന്തരപ്പെടുത്തിയതു മാർത്തോമ്മാശ്ലീഹായാണെന്നു് മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നും അഭിമാനിച്ചിരുന്നു. മെസപ്പൊട്ടേമിയായിൽനിന്നും കിട്ടിയിരുന്ന മതഗ്രന്ഥങ്ങളിലെ പിശകുകൾ സുവിശ്വാസത്തോടെയാണവർ സ്വീകരിച്ചിരുന്നതു്. പതിനാറാം നൂറ്റാണ്ടിൽ അവരുമായി സമ്പർക്ക

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# നമ്മുടെ റീത്ത്

(ഇതേ ശീർഷകത്തിലുള്ള ബ. പ്ലാസിഡച്ചന്റെ കൃതിയെ അവലംബിച്ച് തയ്യാറാക്കിയ ലേഖനം)

ക്രൈസ്തവ സഭയോളംതന്നെ പഴക്കമുള്ളതാണ് കേരളത്തിലെ പൗരസ്ത്യ സുറിയാനി സഭ. ഒരു ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട എന്നതത്രെ നമ്മുടെ സഭയുടെ സവിശേഷത. ക്രിസ്തീയ വിശ്വാസവും ക്രിസ്തീയജീവിതവും പുരാതനങ്ങളായ സംസ്കാരങ്ങളോടു ആദിമശതകങ്ങളിൽത്തന്നെ കൂട്ടിയിണക്കിയതിന്റെ ഫലമാണ് തിരുസ്സഭയിൽ ഇന്നു കാണുന്ന വിവിധ റീത്തുകൾ. പുതിയ റീത്തുകൾ ഉണ്ടാകുവാനോ പഴയ റീത്തുകൾ അലങ്കോലപ്പെടുത്തുവാനോ തിരുസ്സഭ സമ്മതിക്കാത്തതിനുള്ള കാരണവും ഇതുതന്നെ. കുർബാന ചൊല്ലുക, കാനോനികജപം നടത്തുക, കൂദാശകളും മറ്റും ശുശ്രൂഷിക്കുക, നോമ്പും ഉപവാസവും അനുഷ്ഠിക്കുക ആദിയായി ദൈവാരാധനയിലും ക്രൈസ്തവ നടപടികളിലും സ്വീകരിച്ചിരിക്കുന്ന രീതിയാണ് റീത്ത്.

ഓരോ റീത്തിലും കേന്ദ്രസ്ഥാനം വഹിക്കുന്നത് ലിറ്റർജിയാകുന്നു. അതിനെയാശ്രയിച്ചാണ് മറ്റുക്രമങ്ങൾ വളർന്നു വന്നിട്ടുള്ളത്. സഭയുടെ ആരംഭഘട്ടത്തിലെ ആരാധനക്രമങ്ങൾ ശ്ലീഹന്മാരുടെ അദ്ധ്യക്ഷതയിലാണ് നടന്നിരുന്നത്. അവ അവ്യവസ്ഥിതങ്ങളുമായിരുന്നു. ശ്ലീഹന്മാർ ഓറശ്ലത്ത് ഉപയോഗിച്ചിരുന്ന ആ അവ്യവസ്ഥിത ദൈവാരാധനക്രമമായിരിക്കാം തോമശ്ലീഹാ ഇവിടെ വന്നപ്പോൾ ഉപയോഗിച്ചത്. തോമാശ്ലീഹായുടെ ശിഷ്യന്മാരായ അദ്ദായിയും മാറിയും ബാബേലിലും പേർഷ്യയിലും സുവിശേഷവേല നടത്തിയതായി വിശ്വസിക്കപ്പെടുന്നു. തോമാശ്ലീഹായുടെ ഭൗതികാവശിഷ്ടങ്ങൾ ആദ്യമായി മാറ്റപ്പെട്ടത് എദേസ്സായിലേക്കാണ്. ഈ മൂന്നു സഭകളെ സഹോദരസഭകളായി കേരളസഭ കണ്ടിരുന്നു. തന്മൂലം എദേ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



# പ്ലാസിഡച്ചൻെറ ജീവിതത്തിലെ
## നാഴികക്കല്ലുകൾ

1899 – ജനനം.

1927 – പൗരോഹിത്യം.

1930 – സെമിനാരി പ്രൊഫസർ.

1934 – പൗരസ്ത്യ സഭകളുടെ കാനോൻ നിയമ കോഡീകരണത്തിനായുള്ള പൊന്തിഫിക്കൽ കമ്മീഷനംഗം

1939 – തിരു. സർവ്വകലാശാല സുറിയാനി പരീക്ഷകൻ.

1943 – ദഫ്നിത്തർ ജനറൽ.

1952 – പൗരസ്ത്യ തിരുസംഘത്തിൻെറ ആലോചനക്കാരൻ.

1953 – കർദ്ദിനാൾ ടിസറാങ്ങിൻെറ സെക്രട്ടറി.

1954 – റോമിലേയ്ക്കു താമസം മാററി. സീറോ – മലബാർ കർബാന പുനരുദ്ധാനത്തിനുള്ള പൊന്തിഫിക്കൽ കമ്മീഷനംഗം.

1956 – ബഥനി മഠങ്ങളുടെ വിസിററർ.

1958 – മലബാർ കോളേജിൻെറ റെക്ടർ.

1960 – രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ അജണ്ട ക്രോഡീകരിക്കുന്നതിനുള്ള പൊന്തിഫിക്കൽ കമ്മീഷനംഗം

1963 – രണ്ടാം വത്തിക്കാൻ കൗൺസിൽ പേപ്പൽ എക്സ്പേർട്ട്.

– പൗരസ്ത്യ സഭകൾക്കായുള്ള സൂനഹദോസ് കമ്മീഷൻെറ കൺസൾട്ടർ.

1969 – വ്രതാനുഷ്ഠാന സുവർണ്ണ ജൂബിലി, സപ്തതി.

1977 – പൗരോഹിത്യ സുവർണ്ണ ജൂബിലി.

1980 – റോമിൽനിന്നും തിരിച്ചെത്തി ചെത്തിപ്പുഴയിൽ താമസമാക്കി

1985 – ഏപ്രിൽ 27 - മരണം

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org